**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1503** **19-06-2024 - ൽ മറുപടിയ്ക്ക്**

**സ്പെഷ്യൽ എജ്യൂക്കേറ്റർമാരുടെ നിയമനം**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ. എൻ. എ. നെല്ലിക്കുന്ന്** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | ഭിന്നശേഷിക്കാരായ കുട്ടികളുടെ പാഠ്യ, പാഠ്യേതര പ്രവർത്തനങ്ങളിൽ പിന്തുണ നൽകുന്നതിന് എത്ര സ്പെഷ്യൽ എജ്യുക്കേറ്റർമാരെ നിയമിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | എലിമെന്ററി വിഭാഗത്തിൽ 23.06.2023 മുതൽ 1478 സെപ്ഷ്യൽ എഡ്യൂക്കേറ്റർമാരെയും സെക്കന്ററി വിഭാഗത്തിൽ 1254 പേരെയും നിയമിച്ചിട്ടുണ്ട്. |
| (ബി) | ഇവർ കരാർ അടിസ്ഥാനത്തിലാണോ ജോലി ചെയ്യുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | അതെ. |
| (സി) | എങ്കിൽ കാലാവധി എത്രയാണെന്നും കാലാവധി കഴിഞ്ഞാൽ ഇവരെ പുനർനിയമിക്കാറുണ്ടോ എന്നും വ്യക്തമാക്കാമോ; | (സി) | പദ്ധതി വർഷം ഏപ്രിൽ മാസത്തെ 2-ാമത്തെ പ്രവൃത്തിദിനം മുതൽ അടുത്ത മാർച്ച് 31 വരെയാണ് സ്പെഷ്യൽ എജ്യൂക്കേറ്റർമാരെ നിയമിക്കുന്നത്. കാലാവധി കഴിയുമ്പോൾ കഴിഞ്ഞ പദ്ധതി കാലയളവിലെ പ്രകടനം വിലയിരുത്തി അടുത്ത വർഷത്തിലേയ്ക്ക് വീണ്ടും പുതിയ കരാറടിസ്ഥാനത്തിൽ പുനർ നിയമിക്കാറുണ്ട്. |
| (ഡി) | എത്ര വർഷം വരെ തുടർച്ചയായി ജോലി ചെയ്യുന്നവർ ഇവരിൽ ഉൾപ്പെടുമെന്ന് വ്യക്തമാക്കാമോ; | (ഡി) | ഡി.പി.ഇ.പി., എസ്.എസ്.എ., ആർ.എം.എസ്.എ., എസ്.എസ്.കെ. തുടങ്ങി വിവിധ പ്രോജക്ടുകളിലായി 24 വർഷം വരെ കരാറിൽ തുടർന്നു വരുന്ന സ്പെഷ്യൽ എജ്യൂക്കേറ്റർമാരുണ്ട്. |
| (ഇ) | ഇവരെ സ്ഥിരപ്പെടുത്തണമെന്ന് ഏതെങ്കിലും കോടതിയുടെ വിധിയുണ്ടോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ ഏത് കോടതിയുടേതാണ് പ്രസ്തുത വിധിയെന്നും ആയത് പുറപ്പെടുവിച്ചത് എന്നാണെന്നും വ്യക്തമാക്കാമോ; | (ഇ) | നിലവിലുള്ള സ്പെഷ്യൽ എജ്യൂക്കേറ്റർമാരെ സ്ഥിരപ്പെടുത്തണമെന്ന് കോടതി വിധിയില്ല. 28.10.2021 ലെ ബഹു. സുപ്രീം കോടതി വിധിയുടെ Writ Petition Civil 132 of 2016 വിധിന്യായത്തിൽ എല്ലാ പൊതു വിദ്യാലയങ്ങളിലും സ്പെഷ്യൽ എജ്യൂക്കേറ്റർമാരെ സ്ഥിരമായി നിയമിക്കണമെന്ന് ഉത്തരവായിട്ടുണ്ട്. |
| (എഫ്) | സ്പെഷ്യൽ എജ്യുക്കേറ്റർമാരുടെ വേതനം എത്രയാണെന്നും അടുത്ത കാലത്ത് വേതനം വെട്ടിക്കുറച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ? | (എഫ്) | എലമെന്ററി വിഭാഗം സ്പെഷ്യൽ എഡ്യൂക്കേറ്റർമാർക്ക് പ്രതിമാസം 20,000/- രൂപയും സെക്കന്ററി വിഭാഗം സ്പെഷ്യൽ എഡ്യൂക്കേറ്റർമാർക്ക് പ്രതിമാസം 25,000/- രൂപയും നൽകി വരുന്നു. അവരുടെ വേതനം |

| | | | |
|---|---|---|---|
| | | | വെട്ടിക്കുറച്ചിട്ടില്ല. കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയത്തിന്റെ പ്രോജക്റ്റ് അപ്രൂവൽ ബോർഡ് അംഗീകരിച്ച തുകയാണ് ഇവർക്ക് ശമ്പളം നൽകുന്നതിനായി ഉപയോഗിക്കുന്നത്. 2018-19 കാലയളവിൽ എലിമെന്ററി സ്പെഷ്യൽ എഡ്യൂക്കേറ്റർമാർക്ക് പ്രതിമാസം 22000/- രൂപ ക്രമത്തിൽ ഒരു വർഷം 10 മാസത്തേയ്ക്ക് 2.2 ലക്ഷവും സെക്കന്ററി സ്പെഷ്യൽ എഡ്യൂക്കേറ്റർമാർക്ക് പ്രതിമാസം 27500/- രൂപ ക്രമത്തിൽ ഒരു വർഷം 10 മാസത്തേയ്ക്ക് 2.75 ലക്ഷം രൂപയും നൽകി. 2019-20 മുതൽ എലിമെന്ററി സ്പെഷ്യൽ എഡ്യൂക്കേറ്റർമാർക്ക് പ്രതിമാസം 20000/- രൂപ ക്രമത്തിൽ ഒരു വർഷം 12 മാസങ്ങളിലായി 2.4 ലക്ഷം രൂപയും സ്പെഷ്യൽ എഡ്യൂക്കേറ്റർമാർക്ക് ഒരു വർഷം 12 മാസങ്ങളിലായി 3 ലക്ഷം രൂപയും നൽകിവരുന്നു. വേതനം വെട്ടിക്കുറച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ